**ചരമോപചാരം**

## സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

മി. സ്പീക്കർ: മുൻ നിയമസഭാംഗം സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് 2018 ഡിസംബർ 31-ന് അന്തരിച്ചു.

നിക്കോളാസ് റോഡ്രിഗ്സ്, ഐറിൻ റോഡ്രിഗ്സ് ദമ്പതികളുടെ മകനായി 1954 മാർച്ച് 27-ന് എറണാകുളം ജില്ലയിലെ പോഞ്ഞിക്കരയിൽ സൈമൺ ബ്രിട്ടോ ജനിച്ചു. എറണാകുളം സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ലാ കോളേജ്, ബീഹാറിലെ മിഥില യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. കേരള സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് പ്രവേശിച്ചത്. കേരള ഗ്രന്ഥശാലാ സംഘത്തിലെ സർക്കാർ പ്രതിനിധി, മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. പന്ത്രണ്ടാം കേരള നിയമസഭയിലേയ്ക്ക് ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

എസ്.എഫ്.ഐ. സംസ്ഥാന വൈസ് പ്രസിഡന്റായിരിക്കെ, 1983

ഒക്ടോബർ 14-ന് എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന ആക്രമണത്തിൽ പരിക്കേറ്റ എസ്.എഫ്.ഐ. പ്രവർത്തകരെ കാണുന്നതിന് എറണാകുളം ജനറൽ ആശുപത്രിയിലെത്തിയ സൈമൺ ബ്രിട്ടോയെ ആശുപത്രിയുടെ ഇടനാഴിയിൽ വച്ച് അക്രമികൾ കുത്തിവീഴ്ത്തി. നട്ടെല്ലിനേറ്റ ക്ഷതംമൂലം അരയ്ക്ക് കീഴോട്ട് ചലനശേഷി നഷ്ടപ്പെട്ടെങ്കിലും കീഴടങ്ങാൻ തയ്യാറാകാതെ ചികിത്സയിലൂടെയും കഠിന പ്രയത്നത്തിലൂടെയും അദ്ദേഹം ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നു. തുടർന്നങ്ങോട്ട് വീൽച്ചെയറിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ശാരീരിക ബുദ്ധിമുട്ടുകൾ വകവയ്ക്കാതെ സമരവേദികളിലും സാംസ്കാരിക സദസ്സുകളിലും അദ്ദേഹം നിറസാന്നിദ്ധ്യമായി. പത്തുവയസ്സുള്ളപ്പോൾ മുതൽ കഥകളെഴുതാൻ തുടങ്ങിയ അദ്ദേഹത്തിന്റെ ബീഹാർ അനുഭവങ്ങളിൽ നിന്നും പിറന്ന ആദ്യ നോവലായ 'അഗ്രഗാമി'ക്ക് അബുദാബി ശക്തി അവാർഡും പാട്യം ഗോപാലൻ അവാർഡും ലഭിച്ചു. മഹാരൗദ്രം, മഞ്ഞുപെയ്യുന്ന ചരിത്രാങ്കം, ചന്ദ്രമാളിക എന്നീ നോവലുകളും രചിച്ചു. നോവലുകളിൽ തന്റെ സർഗ്ഗാത്മകതയ്ക്കൊപ്പം രാഷ്ട്രീയവും സമഞ്ജസമായി ഇഴചേർത്ത എഴുത്തുകാരനായിരുന്നു സൈമൺ ബ്രിട്ടോ.

തന്റെ പ്രസ്ഥാനത്തോടും പ്രത്യയശാസ്ത്രത്തോടും അചഞ്ചലമായ കൂറും

ഐക്യദാർഢ്യവും പുലർത്തുകയും ഇച്ഛാശക്തിയോടെ ശാരീരിക പരിമിതികളെ അതിജീവിച്ച് പൊതുപ്രവർത്തനരംഗത്ത് സജീവ സാന്നിദ്ധ്യമായി മാറുകയും ചെയ്ത സൈമൺ ബ്രിട്ടോയുടെ ജീവിതം രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് ഒരു പാഠപുസ്തകമാണ്.

സൈമൺ ബ്രിട്ടോയുടെ നിര്യാണത്തോടെ അതിജീവനത്തിന്റെ ഊർജ്ജം പകർന്ന് പ്രതിസന്ധികളെ സധൈര്യം നേരിട്ട ഒരു മികച്ച രാഷ്ട്രീയ പ്രവർത്തകനെയും സാഹിത്യകാരനെയും സർവ്വോപരി ഒരു മനുഷ്യസ്നേഹിയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)